കേസ്സുകളുടെ 70 ശതമാനവും ഇടപ്പള്ളി യൂണിറ്റിന്റെ പരിധിയിലാണ് ഉണ്ടാകുന്നത്. അതുകൊണ്ട് ഇടപ്പള്ളി ട്രാഫിക് യൂണിറ്റ് കേസ്സ് ചാർജ്ജ് ചെയ്യാൻ അധികാരമുള്ള ട്രാഫിക് സ്റ്റേഷനായി പ്രഖ്യാപിക്കുന്നതിനും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, കൊച്ചി സിറ്റി പോലീസിന്റെ ഭാഗമായി ട്രാഫിക് വെസ്റ്റ് സബ്ഡിവിഷൻ, ട്രാഫിക് ഈസ്റ്റ് സബ്ഡിവിഷൻ എന്നീ രണ്ട് ട്രാഫിക് സബ്ഡിവിഷനുകൾ പ്രവർത്തിച്ചുവരുന്നു. ഓരോ ട്രാഫിക് സബ്ഡിവിഷനിലും ഓരോ അസിസ്റ്റന്റ് കമ്മീഷണറും ഒരു സർക്കിൾ ഇൻസ്പെക്ടറും ഒമ്പത് സബ് ഇൻസ്പെക്ടർമാരും മറ്റ് പോലീസ് ഉദ്യോഗസ്ഥരും പ്രവർത്തിക്കുന്നുണ്ട്. ട്രാഫിക് നിയന്ത്രിക്കുന്നതിനായി ട്രാഫിക് പോലീസിന് ആധുനിക ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. ലേസർ സ്പീഡ് റഡാർ, സിഗ്നൽ ബാറ്റൺ, ഇ-ഫ്ളയർ പ്രൊട്ടക്ട് ലൈറ്റ്, ട്രാഫിക് റോഡ് ബ്ലോക്കർ എന്നീ ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ടാണ് ഇപ്പോൾ ട്രാഫിക് നിയന്ത്രിച്ചു കൊണ്ടിരിക്കുന്നത്. വാഹനാപകടങ്ങളുമായി ബന്ധപ്പെട്ട കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിനും അന്വേഷിക്കുന്നതിനും എറണാകുളം ഹൈക്കോടതിക്ക് സമീപമുള്ള ട്രാഫിക് വെസ്റ്റ് പോലീസ് സ്റ്റേഷനാണ് നോട്ടിഫൈ സ്റ്റേഷനായി പ്രഖ്യാപിച്ചിട്ടുള്ളത്. ട്രാഫിക്കിന്റെ സുഗമമായ നിയന്ത്രണത്തിനുവേണ്ടി ട്രാഫിക് വെസ്റ്റ് പോലീസ് ഡിവിഷനിൽപ്പെട്ട മട്ടാഞ്ചേരിയിൽ ഒരു ട്രാഫിക് യൂണിറ്റ് പള്ളുരുത്തിയിലും ഈസ്റ്റ് സബ്ഡിവിഷനിൽപ്പെട്ട ഇടപ്പള്ളി ട്രാഫിക് യൂണിറ്റ് ഇടപ്പള്ളിയിലും തൃപ്പൂണിത്തുറ ട്രാഫിക് യൂണിറ്റ് തൃപ്പൂണിത്തുറയിലും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഈ മൂന്ന് യൂണിറ്റുകളും നോട്ടിഫൈഡ് പോലീസ് സ്റ്റേഷനുകളല്ല. ഇത് നോട്ടിഫൈ ചെയ്താൽ ഈ പോലീസുകാർ മുഴുവൻ കേസ്സന്വേഷണത്തിന്റെ ഭാഗമായി പോകും, എൻഫോഴ്സ്മെന്റിനുവേണ്ടി പോലീസുകാരെ കിട്ടാത്ത സിറ്റ്യുവേഷനുണ്ടാകുകയും ചെയ്യും. അതുകൂടി പരിഗണിച്ചാണ് ഇതുസംബന്ധിച്ച് ഓരോ യൂണിറ്റുകളും കേസ് ചാർജ്ജ് ചെയ്യുന്ന അധികാരത്തോടുകൂടിയുള്ള സ്റ്റേഷനുകളാക്കി ഇപ്പോൾ മാറ്റാത്തത്. ഇപ്പോഴത്തെ പോലീസിന്റെ അംഗസംഖ്യ ഉപയോഗിച്ചുകൊണ്ട് ഫലപ്രദമായ സംവിധാനമെന്നുള്ള നിലയിലാണ് ഇപ്പോൾ ഇങ്ങനെ ചെയ്തിട്ടുള്ളത്. ഇതു സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ, കൂടുതൽ സ്ഥലത്ത് ട്രാഫിക് സ്റ്റേഷനുകൾ പ്രഖ്യാപിക്കുന്ന സന്ദർഭത്തിൽ ഇതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. കെട്ടിടത്തിന്റെ കാര്യം പ്രത്യേകം പരിശോധിക്കാം.

(12) മറാഠി സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കാസർഗോഡ് ജില്ലയിലെ മറാഠി സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നതാണ് എന്റെ സബ്മിഷൻ. സാമ്പത്തികമായും സാമൂഹികമായും വളരെ പിന്നോക്കം നിൽക്കുന്ന മറാഠി സമുദായത്തെ കിർത്താഡ്സിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പട്ടികവർഗ്ഗ ലിസ്റ്റിൽനിന്നും ഒഴിവാക്കിയത്. മറാഠി സമുദായത്തി

LIBRARY ARCHIVES Kerala Legislative Assembly

നെക്കുറിച്ചുള്ള കിർത്താഡ്സിന്റെ റിപ്പോർട്ട് വസ്തുതാപരമല്ല. തൊട്ടടുത്ത കർണ്ണാടക സംസ്ഥാനത്തിലെ സൗത്ത് കാനറ ജില്ലയിൽ ഈ സമുദായം ഇപ്പോഴും എസ്.റ്റി. ലിസ്റ്റിൽത്തന്നെയാണ്. മറാഠി സമുദായത്തിൽപ്പെട്ട ബഹുഭൂരിപക്ഷവും വനവാസികളും സാമ്പത്തികമായും സാമൂഹികമായും വളരെ പിന്നോക്കം നിൽക്കുന്നവരുമാണ്. മുമ്പ് സംവരണാനുകൂല്യം കൊണ്ട് പലർക്കും ജോലി ലഭിച്ചിരുന്നു. ഇപ്പോൾ ഈ പട്ടികയിൽനിന്ന് ഒഴിവാക്കിയതിനെത്തുടർന്ന് ഒരാൾക്കുപോലും പി.എസ്.സി. നിയമനം ലഭിക്കുന്നില്ല. മറാഠി സമുദായത്തെ എസ്.റ്റി. ലിസ്റ്റിൽ വീണ്ടും ഉൾപ്പെടുത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് നേരത്തെ ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രം ഈ സമുദായത്തിന്റെ പ്രിമിറ്റീവ്നെസ്സ് സംബന്ധിച്ച് കൂടുതൽ വിവരം കേരളത്തോട് ചോദിച്ചതിന് ഇതുവരെയും മറുപടി അറിയിച്ചിട്ടില്ലെന്നാണ് അറിയുന്നത്. ഈ റിപ്പോർട്ട് ഉടൻ അയയ്ക്കാനും മറാഠി സമുദായത്തെ എസ്.റ്റി.ലിസ്റ്റിൽ വീണ്ടും ഉൾപ്പെടുത്താനും അടിയന്തിര നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, കാസർഗോഡ് ജില്ലയിലെ മറാഠി സമുദായം 2002 വരെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെട്ടതാണ്. പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായിട്ടുള്ള മാനദണ്ഡം പ്രാക്തന സ്വഭാവമുള്ള സമൂഹത്തിൽനിന്നുള്ള ഒറ്റപ്പെട്ട ജീവിതവും മറാഠി സമുദായത്തിന് ഇല്ലായെന്നും ഈ സമുദായം സാമൂഹികമായും സാമ്പത്തികമായും പുരോഗതി പ്രാപിച്ചതാണെന്നും കിർത്താഡ്സിന്റെ പഠനത്തിൽ കണ്ടെത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മറാഠി സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽനിന്ന് ഒഴിവാക്കാൻ കേന്ദ്രസർക്കാരിനോട് 2002-ലെ ഗവൺമെന്റാണ് ശുപാർശ ചെയ്തത്. അതിനെത്തുടർന്ന് കേന്ദ്രസർക്കാരിന്റെ 2002-ലെ പട്ടികജാതി-പട്ടികവർഗ്ഗ ഭേദഗതി നിയമം ആക്ട്-10 2003 പ്രകാരം ഈ സമുദായത്തെ സംസ്ഥാനത്തെ പട്ടിവർഗ്ഗ ലിസ്റ്റിൽനിന്നും ഒഴിവാക്കി. സംസ്ഥാന രൂപീകരണം മുതൽ ഈ സമുദായത്തിന് ലഭിച്ചുകൊണ്ടിരുന്നതും ഇപ്പോഴും ഈ സമുദായം അയൽ സംസ്ഥാനമായ കർണ്ണാടകത്തിൽ അനുഭവിച്ചുവരുന്നതുമായ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് ശരിയല്ല. സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ പരിഗണിച്ച് ഈ സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ വീണ്ടും ഉൾപ്പെടുത്തണമെന്ന് സംസ്ഥാന ഗവൺമെന്റ് 29-12-2007, 12-6-2008, 3-10-2008 എന്നീ തീയതികളിൽ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 24-10-2008-ലും 17-9-2009-ലും കത്തുമുഖേന ഈ വിഷയം കേന്ദ്ര ട്രൈബൽ അഫയേഴ്സ് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപെടുത്തുകയുണ്ടായി. എന്നാൽ സംസ്ഥാന സർക്കാരിന്റെ ശുപാർശ സ്വീകാര്യമല്ലെന്ന നിലപാടാണ് കേന്ദ്രം സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുള്ള വിശദാംശങ്ങൾ പര്യാപ്തമല്ലെന്നും കേന്ദ്രസർക്കാർ 18-3-2009-ലെ കത്തിൽ വീണ്ടും അറിയിച്ചിരിക്കുകയാണ്. അയൽ സംസ്ഥാനത്ത് പട്ടികവർഗ്ഗ പദവിയും ആനുകൂല്യങ്ങളും അനുഭവിക്കുന്ന ഈ സമുദായത്തെ സംസ്ഥാനത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്താതിരുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ശരിയല്ല. മറാഠി സമുദായത്തിന് ഉണ്ടെന്നുപറയുന്ന പുരോഗതി പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ആനുകൂല്യങ്ങൾ ലഭിച്ചിരുന്നതുകൊണ്ട് മാത്രമാണ് ഈ സാമ്പത്തികനേട്ടവും ആനുകൂല്യങ്ങളും സാമൂഹ്യമായിട്ടുള്ള പുരോഗതിയും അവർക്ക് നേടാൻ കഴിഞ്ഞത്. അതുകൊണ്ട് കാസർഗോഡ് ജില്ലയിലെ മറാഠി വിഭാഗക്കാരെ കർണ്ണാടകത്തിലെ മറാഠി വിഭാഗക്കാരെപ്പോലെ തന്നെ കണക്കാക്കി വീണ്ടും ഇവരെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുത്തണം എന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് വീണ്ടും അപേക്ഷിക്കുകയാണ്. അതിനനുസരിച്ചുള്ള ഒരു റിപ്പോർട്ട് ഏറെക്കുറെ ഇപ്പോൾ കിർത്താഡ്സ് രൂപപ്പെടുത്തിത്തരും എന്നാണ് വിശ്വസിക്കുന്നത്.

(13) മണൽവാരൽ നിരോധനം

ശ്രീമതി പി. അയിഷാ പോറ്റി : സർ, കൊട്ടാരക്കര മണ്ഡലത്തിലെ കുളക്കട പഞ്ചായത്തിൽ ആറ്റുകടവിൽനിന്നുള്ള മണൽവാരൽ പൂർണ്ണമായി രണ്ടുമാസമായി നിരോധിച്ചിരിക്കുകയാണ്. ഇതുമൂലം തൊഴിലാളികൾ മുഴുവൻ പട്ടിണിയിലും, നിർമ്മാണമേഖല പൂർണ്ണമായും സ്തംഭനത്തിലുമാണ്. ഇതിനൊരു പരിഹാരമായി നിയമാനുസൃതം ഒഴുകിവരുന്ന മണൽ വാരാനുള്ള പാസ്സ് നൽകിക്കൊണ്ട് മണൽ വാരൽ നിരോധനം പിൻവലിക്കണം. ഈ മണൽവാരി, കൊടുക്കുമ്പോഴും യഥാർത്ഥത്തിൽ തൊഴിലാളികൾക്ക് മൂവായിരത്തി അഞ്ഞൂറോ,നാലായിരമോ രൂപയാണ് കൊടുക്കേണ്ടത്. പക്ഷേ പൊതുജനങ്ങളിൽനിന്നും 15,000 രൂപ മുതൽ 20,000 രൂപ വരെ വാങ്ങുന്ന ഒരു സ്ഥിതിയുണ്ട്. ഇത്തരത്തിൽ മണലിന് അധിക വില ഈടാക്കുന്നത് തടയുന്നതിന് അടിയന്തിരമായി നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, നദീതീര സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് മൺസൂൺ കാലയളവിൽ ആറ്റുമണൽ ഖനനത്തിന് നിരോധനം ഏർപ്പെടുത്തിവരുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് കൊല്ലം ജില്ലയിലൂടെ ഒഴുകിവരുന്ന ഇത്തിക്കര-കല്ലട നദികളിൽ ബന്ധപ്പെട്ട അംഗീകൃത കടവുകളിൽനിന്നുള്ള മണൽ ഖനനം 2010 ജൂൺ 15 മുതൽ ജൂലൈ 14 വരെ നിരോധിച്ചിട്ടുള്ളത്. തുടർന്ന് 13-7-2010-ൽ കൂടിയ ജില്ലാതല വിദഗ്ദ്ധ സമിതിയോഗത്തിന്റെ തീരുമാനപ്രകാരം നിരോധനം ജൂലൈ 31 വരെ നീട്ടുകയും ചെയ്തിട്ടുണ്ട്. ആഗസ്റ്റ് 1 മുതൽ നിരോധനം നീക്കുന്നതാണ്; നിയമാനുസൃതം മണലെടുക്കാൻ അനുവദിക്കുന്നതുമാണ്. അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ മാഫിയാ സംഘങ്ങൾ വലിയ തോതിൽ മണലിന് വിലകൂട്ടി നിയമവിരുദ്ധമായി വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് ജില്ലാകളക്ടറേയും പോലീസ് വകുപ്പിനേയുമൊക്കെ അറിയിച്ച് തടയാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

(14) ആദിവാസികൾക്ക് ഭൂമി ലഭിക്കുന്നതിനുള്ള വരുമാനപരിധി

ശ്രീ. എ. പി. അനിൽകുമാർ : സർ, ആദിവാസികളുമായി ബന്ധപ്പെട്ട ഒരു വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly